1) **<u>24.03.2018 ശനിയാഴ്ച രാവിലെ 11.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 492–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 234/2017–18</u>**

*19.02.2018 ൽ കൂടിയ 490–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

19.02.2018–ൽ കൂടിയ 490–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 235/2017–18</u>**

*19.02.2018 ൽ കൂടിയ 491–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

19.02.2018–ൽ കൂടിയ 491–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>3. തീരുമാനം നമ്പർ 236/2017–18</u>**

*27.01.2018–ൽ കൂടിയ 489–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

27.01.2018–ൽ കൂടിയ 489–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>4. തീരുമാനം നമ്പർ 237/2017–18</u>**

*ജി.സി.ഡി.എ. – ലോൺ വിഭാഗം – ലോൺ നമ്പർ എം.ഐ.ജി. II/118 വായ്പ കുടിശ്ശിക പലിശയിളവ് നൽകുന്നത് – സംബന്ധിച്ച്.*
*(നം. എൽ.11/എം.ഐ.ജി.–II/118/ജി.സി.ഡി.എ)*

അതോറിറ്റിയുടെ എം.ഐ.ജി.–II സ്കീമിൽ നിന്നും ശ്രീ. വി.എൻ. കേശവൻ, ശ്രീമതി. കെ. നാണിയമ്മ എന്നിവർ ചേർന്ന് എടുത്തിട്ടുള്ള എം.ഐ.ജി.– II/118 നമ്പർ വായ്പയുടെ

കുടിശ്ശിക തുകയിൽ നിന്നും പിഴപലിശ ഒഴിവാക്കി നൽകുന്നതിനും സാധാരണ പലിശയിൽ ഇളവ് നൽകേ തില്ലെന്നും തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 238/2017-18**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - EWS-804 ഗാന്ധിനഗർ - കൈമാറ്റം ചെയ്ത് നൽകുന്നത് - സംബന്ധിച്ച്.*
*(നം.സി.11/റവന്യൂസി.സി./ഇ.ഡബ്ല്യൂ.എസ്.-804/ജി.എൻ./ജി.സി.ഡി.എ)*

അതോറിറ്റി വക ഗാന്ധിനഗർ ഹൗസിംഗ് സ്കീമിലെ EWS-804-ാം നമ്പർ വീട് പരേതനായ ശ്രീ. വി.കൃഷ്ണ കമ്മത്തിന്റെ അനന്തരാവകാശിയായ ശ്രീമതി. സോമലത.കെ.യുടെ പേരിൽ കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 239/2017-18**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - തമ്മനം കിസാൻ കോളനി സ്ലം വീട് നമ്പർ 123 - NOC നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി.11/റവന്യൂ സി.സി./സ്ലം-123/ടി.കെ.സി./ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട സ്ലം വീട് നമ്പർ 123 ന്റെ അലോട്ടിയായ ശ്രീ. ക്ലെമന്റ് ഫ്രാൻസിസിന് ടി വീട് ബാങ്കിൽ പണയപ്പെടുത്തി വായപയെടുക്കുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 240/2017-18**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - രാമേശ്വരം വെസ്റ്റ് പുനരധിവാസ പദ്ധതി പ്ലോട്ട് നമ്പർ 10 - കൈമാറ്റം ചെയ്ത് നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി.11/റവന്യൂ സി.സി./Plot No. 10/RWRS/ജി.സി.ഡി.എ)*

അതോറിറ്റിയുടെ രാമേശ്വരം വെസ്റ്റ് പുനരധിവാസ പദ്ധതിയിൽപ്പെട്ട 10-ാം നമ്പർ പ്ലോട്ട് പരേതനായ വർഗ്ഗീസിന്റെ അനന്തരാവകാശികളിൽ ഒരാളായ ശ്രീ. അൻസിൽ.വി.വി എന്നയാളുടെ പേരിൽ കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 241/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം സൈറ്റ് ഓഫീസിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വനിതാ ജീവനക്കാരിയുടെ കരാർ കാലാവധി 04.03.2016-ൽ മൂന്ന് വർഷം നീട്ടി നൽകിയ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം റദ്ദ് ചെയ്യുന്നതിനും ഒരു വർഷത്തേക്ക് താൽക്കാലികമായി നീട്ടി നൽകിയ നടപടി സാധൂകരിക്കുന്നതും - സംബന്ധിച്ച്.*
*(നം. ഇ.2/3720/2006/ജി.സി.ഡി.എ)*

കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം സൈറ്റ് ഓഫീസിൽ ഓഫീസ് അറ്റന്റന്റായും ഹൗസ് കീപ്പറായും പ്രവർത്തിച്ചു വരുന്ന വനിതാ ജീവനക്കാരിയുടെ കരാർ കാലാവധി മൂന്ന് വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയ 04.03.2016 ലെ കമ്മിറ്റി തീരുമാനം റദ്ദാക്കുന്നതിനും പകരം 2017 മെയ് 10 മുതൽ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനം നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു. 02.03.2017 ലെ ഉത്തരവ് പ്രകാരം ടി വിഷയം എക്സിക്യുട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഉ ായ കാലതാമസം സംബന്ധിച്ച് സൂപ്ര ിംഗ് എഞ്ചിനീയറോട് വിശദീകരണം ആരായുന്നതിനും തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 242/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് ഒ.എസ്.-27, ഒ.എസ്.-62 ഓഫീസ് സ്പേസുകൾ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരമുള്ള അടിസ്ഥാന വാടക വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നത് - സംബന്ധിച്ച്.*
*(നം. 1525/എസ്റ്റേറ്റ്/ബി-2/2017/ജി.സി.ഡി.എ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒ.എസ്-27, ഒ.എസ്-62 എന്നീ ഓഫീസ് സ്പേസുകൾ സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷനുകളായ യഥാക്രമം ജസ്റ്റിസ് പി.എസ്. ഗോപനാഥൻ എൻക്വയറി കമ്മീഷനും ജസ്റ്റിസ് പി.എ.മുഹമ്മദ് എൻക്വയറി കമ്മീഷനും അലോട്ട് ചെയ്തത് പരിഗണിച്ചും ടി അലോട്ട്മെന്റ് ചുരുങ്ങിയ കാലത്തേക്ക് മാത്രമായിരിക്കും എന്നത് പരിഗണിച്ചും 27.01.2018 ലെ എക്സിക്യുട്ടീവ് കമ്മിറ്റി തീരുമാനപ്രകാരമുള്ള അടിസ്ഥാന വാടക വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 243/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റിയുടെ കലൂർ ഡി.റ്റി.പി. സ്കീമിൽപ്പെട്ട എറണാകുളം വില്ലേജ് സർവ്വേ നമ്പർ 124/2-ൽപ്പെട്ട കലൂർ മണപ്പാട്ടിപറമ്പിലെ 85 സെന്റ് സ്ഥലം ക്രെസന്റ് കോൺട്രാക്ടേഴ്സ് പ്രൈ. ലിമിറ്റഡിന് മൂന്ന് മാസത്തേയ്ക്ക് വാടക ഈടാക്കി നൽകിയത് - സംബന്ധിച്ച്.*
*(നം. 9101/എസ്റ്റേറ്റ്/ബി-1/2017/ജി.സി.ഡി.എ)*

അതോറിറ്റിയുടെ കലൂർ ഡി.റ്റി.പി. സ്കീമിൽപ്പെട്ട എറണാകുളം വില്ലേജ് സർവ്വേ നമ്പർ 124/2 ൽപ്പെട്ട കലൂർ മണപ്പാട്ടിപ്പറമ്പിലെ 85 സെന്റ് സ്ഥലം ക്രെസന്റ് കോൺട്രാക്ടേഴ്സ് പ്രൈ.ലിമിറ്റഡ്ന് വാടകയ്ക്ക് നൽകിയ നടപടി സാധൂകരിക്കുന്നതിനും അലോട്ട്മെന്റ് കാലാവധി 2018 ഏപ്രിൽ 1 മുതൽ 3 മാസത്തേയ്ക്കാക്കി നൽകുന്നതിനും തീരുമാനിച്ചു. എന്നാൽ 2018 ഫെബ്രുവരി 1 മുതൽ ഗ്രൗ ് ഉപയോഗിച്ചിട്ടു ായെന്ന് കൂടി പരിശോധിക്കുന്നതിനും തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 244/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയാകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 09.02.2018-ൽ നടത്തിയ പുനർ ടെ□ ർ/പുനർ ലേലം ഉറപ്പിച്ച് അലോട്ട്മെന്റ് - ഉത്തരവ് നൽകിയ നടപടി സാധൂകരണം - സംബന്ധിച്ച്.*
*(നം. 9182/എസ്റ്റേറ്റ്/ബി-3/2017/ജി.സി.ഡി.എ)*

അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 09.02.2018-ൽ നടത്തിയ പുനർ ടെ ർ/പുനര് ലേലം നടപടികൾ പ്രകാരം ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത താഴെ പറയുന്ന കക്ഷികൾക്ക് 20.02.2018 മുതൽ 19.02.2019 വരെയുള്ള ഒരു വർഷ കാലയളവിലേക്ക് അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1. ശ്രീ. സുനിൽ.റ്റി.എസ് - മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിന് മുൻവശം - 9,11,027/-
2. മെ. എസ്.വി.അസോസിയേറ്റ്സ് - പയനിയർ ടവറിന് മുൻവശം - 3,60,000/-

**12. തീരുമാനം നമ്പർ 245/2017-18**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ പദ്ധതി പ്രദേശത്ത് സീനിയർ സിറ്റിസൺ വെൽഫെയർ അസോസിയേഷന് വാടകയ്ക്ക് നൽകിയിരുന്ന 47.6 ച.മീ സ്ഥലത്തിന്റെ വാടക പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.*
*(നം. 4283/റവന്യൂ/സി-6/2015/ജി.സി.ഡി.എ)*

എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ പദ്ധതി പ്രദേശത്ത് സീനിയർ സിറ്റിസൺ വെൽഫെയർ അസോസിയേഷന് വാടകയ്ക്ക് നൽകിയിരുന്ന 47.6 ച.മീ. സ്ഥലത്തിന് ടി സംഘടന യാതൊരു ലാഭേച്ഛയുമില്ലാതെ വയോജനങ്ങളുടെ ക്ഷേമത്തിന് വേ ി പ്രവർത്തിച്ചു വരുന്ന ഒരു സംഘടനയായതിനാൽ മാർക്കറ്റ് വിലയുടെ 0.5% ആയ തുകയുടെ പകുതി തുക വാർഷിക വാടകയായി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 246/2017-18**

*ജി.സി.ഡി.എ. - ജീവനക്കാര്യം- ശ്രീ.ജോയ് ഫിലിപ്പ്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) വിരമിച്ച ഒഴിവിലേക്ക് ശ്രീമതി. അനുപ്രീതി.സി.പി, റവന്യൂ ഇൻസ്പെക്ടർ, സൂപ്ര□ ് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചത് -സാധൂകരണം - സംബന്ധിച്ച്.*
*(നം. 6552/എസ്റ്റാ.2/2013/ജി.സി.ഡി.എ)*

അതോറിറ്റിയിൽ സെക്ഷൻ ഓഫീസർ(ഹ.ഗ്രേ.) തസ്തികയിൽ നിന്നും ശ്രീ. ജോയ് ഫിലിപ്പ് വിരമിച്ച ഒഴിവിലേക്ക് ശ്രീമതി. അനുപ്രീതി.സി.പി. റവന്യൂ

ഇൻസ്പെക്ടർക്ക് സൂപ്ര ്‍ തസ്തികയിൽ 01.11.2017 പൂർവ്വാഹനത്തിൽ സ്ഥാനക്കയറ്റം നൽകി ക്രമപ്പെടുത്തുന്നതിനും സർക്കാർ അംഗീകാരത്തിന് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 247/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയാകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനു 07.03.2018-ൽ നടത്തിയ ടെ□ ർ/ലേലം - അലോട്ട്മെന്റ് - ഉത്തരവ്- നൽകിയ നടപടി- സാധൂകരണം - സംബന്ധിച്ച്. (നം. 1101/എസ്റ്റേറ്റ്/2018/ജി.സി.ഡി.എ)*

അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 07.03.2018 ൽ നടത്തിയ ടെ ർ/ലേലം നടപടിയിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം നൽകിയ താഴെ പറയുന്ന കക്ഷികൾക്ക് 01.04.2018 മുതൽ 31.03.2019 വരെയുള്ള ഒരു വർഷ കാലയളവിലേക്ക് അലോട്ടുമെന്റ് ഉത്തരവുകൾ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1) മെ.ജോയ് ആലുക്കാസ് ഇന്ത്യ പ്രൈ.ലിമിറ്റഡ് - പീവീസ ട്രൈറ്റന് മുൻവശം - 5,67,890/-
2) മെ. എസ്.വി. അസ്സോസിയേറ്റ്സ് - ചേരൻ ടവറിന് മുൻവശം - 3,60,000/-
3) ശ്രീ. വിനു ജോർജ്ജ് - ബേപ്രൈഡ് മാളിന് മുൻവശം - 3,27,000/-
4) മെ.എക്സൽട്ടന്റ് വെഞ്ചേഴ്സ് ആന്റ് പ്രൈ.ലിമിറ്റഡ് - പ്ലോട്ട് നം. 5 ന് മുൻവശം ഹോളിഡേ വെഞ്ചറിന് മുൻവശം - 1937777/-

**15. തീരുമാനം നമ്പർ 248/2017-18**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം- അതോറിറ്റി ജീവനക്കാരുടെ റിക്രിയേഷൻ ക്ലബിന് ബജറ്റ് വിഹിതപ്രകാരമുള്ള 50,000/- രൂപ അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച്. (നം. 5310/ജി.3/2013/ജി.സി.ഡി.എ)*

അതോറിറ്റി ജീവനക്കാരുടെ റിക്രിയേഷൻ പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തെ ബജറ്റ് വിഹിതമായിട്ടുള്ള 50,000/-രൂപ അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു. മുൻ വർഷങ്ങളിലെ ചെലവ് സംബന്ധിച്ച് കണക്ക് ഓഡിറ്റ് വിഭാഗത്തിന് യഥാവിധിം നൽകുന്നതിന് ക്ലബ്ബ് ഭാരവാഹികളോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 249/2017-18**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - 2018-19 ലെ ബജറ്റിൽ ആവിഷ്ക്കരിച്ചിട്ടുള്ള ചേരിനിർമ്മാർജ്ജന പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് - സംബന്ധിച്ച്. (നം. 4297/പി.എൽ.1/2017/ജി.സി.ഡി.എ)*

2018-19 ലെ ജിസിഡിഎയുടെ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള ചേരിനിർമ്മാജ്ജനവും പാർപ്പിട പദ്ധതിയും എന്ന പദ്ധതിക്കുവേ ി തേവര-പേര ൂർ

കനാൽ പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന പി ആന്റ് ടി കോളനിയിലെ 85ഓളം കുടുംബങ്ങളെ സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് വേ ി അജ കുറിപ്പിൽ വിവരിച്ചതു പ്രകാരമുള്ള സ്ഥലങ്ങളിൽ ഏതെന്ന് identify ചെയ്ത ശേഷം സർക്കാർ അനുമതിക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

**<u>17. തീരുമാനം നമ്പർ 250/2017-18</u>**

*ജി.സി.ഡി.എ. - പൊതുഭരണവിഭാഗം - അതോറിറ്റിയിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ സാങ്കേതികാനുമതിക്കായി 4 അംഗ പാനൽ രൂപീകരിക്കുന്നത്- അംഗീകാരം - സംബന്ധിച്ച്. (നം. 2381/ജി 3/2018/ജി.സി.ഡി.എ)*

അതോറിറ്റിയിൽ നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ നിയമനം നടത്തുവാൻ പി.എസ്.സി.യുടെ സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിന് താഴെ പറയുന്ന നാല് പേര് ഉൾപ്പെടുത്തി ഒരു പാനൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1) ശ്രീ. വിദ്യാധരൻ.പി, എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD (Rtd.)
2) ശ്രീ. ആർ. കുമാരദാസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ GCDA (Rtd.)
3) ശ്രീ. പി.എസ്. എബ്രഹാം, എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD (Rtd.)
4) ശ്രീ. ഇമ്മാനുവൽ പ്ലാമൂട്ടിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD (Rtd.)

യോഗം 1.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി